## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3178** | **19.06.2018-ൽ മറുപടിയ്ക്ക്**

### മാലിന്യ സംസ്കരണയൂണിറ്റ് നിർബന്ധമാക്കുന്നതിന് നിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.രാജു എബ്രഹാം** | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) മാലിന്യം ഒരു സാമൂഹിക പ്രശ്നമായി വളരുന്ന സാഹചര്യത്തിൽ ഇത് നിർമ്മാർജ്ജനം ചെയ്യുന്നതിന് പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് എന്തെങ്കിലും നടപടി ആസൂത്രണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പദ്ധതികളാണ് ഇതിനായി ആസൂത്രണം ചെയ്തിട്ടുള്ളത്; | (എ) ഉണ്ട്. ഗ്രാമങ്ങളിൽ ഉണ്ടാകുന്ന മാലിന്യം പരമാവധി ഗാർഹികതലത്തിലും കമ്മ്യൂണിറ്റിതലത്തിലും സംസ്കരിക്കപ്പെടുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ പറയുന്നു.<br>1) വീടുകളിൽ ഉറവിടതല ജൈവ മാലിന്യ സംസ്കരണ പദ്ധതികൾ (കമ്പോസ്റ്റിങ്ങ്, ബയോമെതനേഷൻ രീതിയിൽ)<br>2) കച്ചവട സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഉറവിടതല ജൈവ മാലിന്യ സംസ്കരണ പദ്ധതി.<br>3) വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിത കർമസേനയുടെ ഉത്തരവാദിത്തത്തിൽ അജൈവ മാലിന്യ ശേഖരണം<br>4) അജൈവ മാലിന്യ പരിപാലനത്തിനായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും, റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും സജ്ജീകരിക്കൽ.<br>5) അജൈവ മാലിന്യ പരിപാലനത്തിനായി പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, റോഡ് നിർമാണത്തിന് ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കൽ.<br>6) പ്ലാസ്റ്റിക് നിർമിത അജൈവ വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിനും പുനരുപയോഗം വർദ്ധിപ്പിക്കുന്നതിനും, പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കുന്നതിനും പുന:ചംക്രമണം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ.<br>7) സന്നദ്ധ പ്രവർത്തനം പ്രോത്സാഹിപ്പിക്കൽ, ജനപിന്തുണയും പങ്കാളിത്തവും ഉറപ്പാക്കൽ, പൗരൻമാർ അവരവരുടെ ഉത്തരവാദിത്വം ഏറ്റെടുക്കൽ, ജീവിത ശൈലിയിലും രീതിയിലും മാറ്റം വരുത്തുന്നതിനുള്ള ക്യാമ്പയിൻ പ്രവർത്തനങ്ങൾ.<br>8) ദ്രവ മാലിന്യ പരിപാലനത്തിനനുയോജ്യമായ വികേന്ദ്രീകൃത സംവിധാനങ്ങൾ പ്രാവർത്തികമാക്കൽ |
| (ബി) പുതുതായി നിർമ്മിക്കുന്ന ഓഡിറ്റോറിയങ്ങൾക്കും വലിയ ഷോപ്പിംഗ് കോംപ്ലക്സുകൾക്കും മാലിന്യ സംസ്കരണയൂണിറ്റ് | (ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഡി & ഒ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്ല്യാണ മണ്ഡപങ്ങൾ/വിവാഹ ഹാളുകൾ, ഭക്ഷണ ശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ |

| | | | |
|---|---|---|---|
| | നിർബന്ധമാക്കുന്നതിന് നിയമം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ; | | കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയേറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ, പച്ചക്കറി പഴവിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, വിവിധ ക്യാന്റീനുകൾ, എന്നിവടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, ഏയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യമായ സംവിധാനങ്ങൾ 2017 സെപ്റ്റംബർ 15-ന് മുമ്പായി സജ്ജീകരിക്കുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി 22-07-2017-ലെ സ.ഉ (സാധാ) നമ്പർ 2511/2017/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. പുതുതായി ഡി & ഒ ലൈസൻസിന് അപേക്ഷിക്കുന്ന മേൽപ്പറഞ്ഞ രീതിയിലുള്ള മേൽ വിവരിച്ച രീതിയിൽ ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് അനുയോജ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കി മാത്രമേ അവർക്ക് ഡി & ഒ ലൈസൻസ് ഇനി മേലിൽ നൽകാവൂ എന്നും ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതിൻപ്രകാരം നടപടികൾ നഗരസഭകളും ഗ്രാമപഞ്ചായത്തുകളും സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) | പൊതുമാർക്കറ്റുകളിൽ മാലിന്യസംസ്കരണ യൂണിറ്റ് കർശനമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) & (ഡി) | പഞ്ചായത്തുകളുടെ വികസനഫണ്ടിൽ നിന്നും 10% തുകയും മുനിസിപ്പാലിറ്റി/മുൻസിപ്പൽ കോർപറേഷനുകൾ 15% തുകയും മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് മുൻഗണന നൽകി വകയിരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി വകയിരുത്തലിൽ നിന്നും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പൊതുമാർക്കറ്റുകളിൽ മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുവാൻ കഴിയും. കൂടാതെ ശുചിത്വ മിഷനിൽ നിന്നും പൊതു മാർക്കറ്റുകളിൽ മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി സാങ്കേതികാനുമതിയും സർക്കാർ സാമ്പത്തിക സഹായവും നൽകിവരുന്നുണ്ട്. |
| (ഡി) | പൊതുമാർക്കറ്റുകൾ ഉള്ള എല്ലാ പഞ്ചായത്തുകൾക്കും മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് എന്തൊക്കെ സഹായ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ